# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.3075 — 07.02.2018 ലെ മറുപടിയ്ക്ക്

**എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ നിലവാരം**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ.സി.ജോസഫ്<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ. ഷാഫി പറമ്പിൽ | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) രാജ്യത്തെ 100 മികച്ച എഞ്ചിനീയറിംഗ് കോളേജുകളിൽ ഒന്നു മാത്രമാണ് സംസ്ഥാനത്തിലുള്ളതെന്ന് വസ്തുതയല്ലേ; എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുന്നതിനായി ഈ സർക്കാർ കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്തെ ഒൻപത് സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള കർമ്മ പരിപാടികൾ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സ്വീകരിച്ചിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് നടത്തി വരുന്ന പദ്ധതികളിൽ എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തോടുകൂടി അദ്ധ്യാപകർക്കായി വൈവിധ്യമാർന്ന പരിശീലന പരിപാടികൾ, സെമിനാറുകൾ, ശിൽപശാലകൾ തുടങ്ങിയവയും വിദ്യാർത്ഥികൾക്കായി എഞ്ചിനീയറിംഗ് മേഖലയിലെ വിദഗ്ധരെ ഉൾപ്പെടുത്തി സെമിനാറുകളും, ശിൽപശാലകളും സംഘടിപ്പിച്ചു വരുന്നു. സാങ്കേതിക വിദ്യാഭ്യാസ ഗുണമേൻമ വർദ്ധന പരിപാടിയായ TEQIP-II നടപ്പാക്കിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ എഞ്ചിനീയറിംഗ് കോളേജുകളുടെ അക്രഡിറ്റേഷൻ, ഇന്റർഡിസിപ്ലിനറി സെന്ററുകൾ, അക്കാദമിക് സ്റ്റാഫ് കോളേജ് & ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ തുടങ്ങിയവ സ്ഥാപിക്കുന്നതിനായി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. |

....2

| | | | |
|---|---|---|---|
| (ബി) | ബി. ടെക് - ന് നിശ്ചിത ക്രെഡിറ്റ് നേടുന്നവർക്കു മാത്രമേ അടുത്ത സെമസ്റ്ററിലേയ്ക്ക് പ്രവേശനം അനുവദിക്കുകയുള്ളൂവെന്ന വ്യവസ്ഥയിൽ ഇളവ് വരുത്തിയത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (ബി) | ബി. ടെക് - ന് നിശ്ചിത ക്രെഡിറ്റ് നേടിയവർക്ക് മാത്രമേ അടുത്ത സെമസ്റ്ററിലേയ്ക്ക് പ്രവേശനം അനുവദിക്കുകയുള്ളൂവെന്ന വ്യവസ്ഥ ഏർപ്പെടുത്തിയതിനെതിരെ വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, അദ്ധ്യാപകർ എന്നിവരിൽ നിന്നും ശക്തമായ പ്രതിഷേധം ഉണ്ടാകുകയും ഇതിനെതിരെ വിദ്യാർത്ഥികൾ നിരന്തര സമരത്തിൽ ഏർപ്പെടുകയും ചെയ്ത പശ്ചാത്തലത്തിലാണ് പ്രസ്തുത വ്യവസ്ഥയിൽ ഇളവ് വരുത്തിയത്. |
| (സി) | എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയുടെ മിനിമം മാർക്ക് 10 ൽ നിന്നും 20 ആയി ഉയർത്തണമെന്ന് നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേലുള്ള തീരുമാനം എന്താണെന്ന് വ്യക്തമാക്കുമോ? | (സി) | എഞ്ചിനീയറിംഗ് പ്രവേശനപരീക്ഷയിൽ യോഗ്യത നേടുന്നതിനുള്ള മിനിമം മാർക്ക് 10 ൽ നിന്നും 20 ആക്കി ഉയർത്തണമെന്ന് പ്രോസ്പെക്ടസ് പരിഷ്കരണ സമിതി ശിപാർശ ചെയ്തിരുന്നു. എന്നാൽ ഇതു സംബന്ധിച്ച് വിശദമായ പഠനം ആവശ്യമായതിനാൽ കൂടുതൽ ചർച്ചകൾക്കും പഠനങ്ങൾക്കും ശേഷം മാത്രമേ അന്തിമ തീരുമാനം എടുക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ